No. CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്
## KEAM-2018
## എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള മോപ്പ്-അപ്പ് കൗൺസലിംഗ് ഓൺലൈൻ ഓപ്ഷൻ സമർപ്പണം നിർബന്ധമാണ്

2018-ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളും പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള 4 സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മുഴുവൻ സീറ്റുകളും നികത്തുന്നതിനായുള്ള മോപ്പ്-അപ്പ് കൗൺസലിംഗ് 2018 സെപ്തംബർ 4, 5 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് നടത്തുന്നതാണ്. ഇതിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ അവരവരുടെ ഹോംപേജിലൂടെ നിർബന്ധമായും ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. മോപ്പ്-അപ്പ് കൗൺസലിംഗിനായി വെബ്സൈറ്റിലൂടെ 01.09.2018-ന് മുമ്പായി ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയിരുന്ന വിദ്യാർത്ഥികൾ വീണ്ടും വെബ്സൈറ്റിൽ പ്രവേശിച്ച് അവരുടെ താല്പര്യത്തിനനുസരിച്ചുള്ള ഓപ്ഷനുകൾ സമർപ്പിക്കേണ്ടതാണ്. ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിച്ചശേഷം ആയതിന്റെ പ്രിന്റൗട്ടും വെബ്പേജിൽ നിന്നും ലഭ്യമാകുന്ന മോപ്പ്-അപ്പ് കൗൺസലിംഗ് സ്ലിപ്പുമായി വിദ്യാർത്ഥികൾ നേരിട്ട് മോപ്പ്-അപ്പ് കൗൺസലിംഗിൽ പങ്കെടുക്കേണ്ടതാണ്. ഇതിനോടകം 5300-ഓളം വിദ്യാർത്ഥികൾ മേൽ വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിച്ചിട്ടുണ്ട്. ഓൺലൈൻ ഓപ്ഷൻ സമർപ്പണത്തിനുള്ള വെബ്സൈറ്റ് സൗകര്യം **2018 സെപ്തംബർ 3-ാം തീയതി (തിങ്കളാഴ്ച) വൈകുന്നേരം 6 മണി** വരെ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനകം മേൽ വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ മോപ്പ്-അപ്പ് കൗൺസലിംഗിൽ പരിഗണിക്കുന്നതല്ല.

മോപ്പ്-അപ്പ് കൗൺസലിംഗ് സംബന്ധിച്ച **01.09.2018** തീയതിയിലെ പരിഷ്ക്കരിച്ച വിശദമായ വിജ്ഞാപനം വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളത് വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: 0471 2332123, 2339101, 2339102, 2339103, 2339104

തിരുവനന്തപുരം
02.09.2018

പ്രവേശന പരീക്ഷാ കമ്മീഷണർ